പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2751

13/03/2020-ൽ
മറുപടിയ്ക്ക്

**കോങ്ങാട് മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണപ്രവർത്തനം**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ.വി.വിജയദാസ്** | **പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഭരണാനുമതി ലഭ്യമാക്കി കൈറ്റ്, ഇൻറൽ, വാപ്കോസ്, കില എന്നീ എസ്.പി.വി. കൾക്കായി നൽകിയിട്ടുള്ള കോങ്ങാട് മണ്ഡലത്തിലെ മങ്കര ജി.എച്ച്.എസ്സ്., കരിമ്പ ജി.എച്ച്.എസ്സ്., പൊറ്റശ്ശേരി ജി.എച്ച്.എസ്സ്., കോങ്ങാട് ജി.യു.പി. എസ്സ്., കാരാക്കുർശ്ശി ജി.എച്ച്.എസ്സ്. എസ്സ്, കരിമ്പ ജി.യു.പി. എസ്സ്., എടത്തറ ജി.യു.പി.എസ്സ്. എന്നീ സ്കൂളുകളുടെ നിർമ്മാണപ്രവർത്തനം സംബന്ധിച്ച പുരോഗതി വിവരം ലഭ്യമാക്കുമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി ഭരണാനുമതി ലഭ്യമാക്കി കൈറ്റ് (KITE), ഇൻകൽ (INKEL), വാപ്കോസ് (WAPCOS), കില (KILA) എന്നീ എസ്.പി.വി. കൾക്കായി നൽകിയിട്ടുള്ള കോങ്ങാട് മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br>**ഇൻകൽ**<br>ജി.എച്ച്.എസ് മങ്കര, ജി.എച്ച്.എസ് കരിമ്പ, ജി.എച്ച്.എസ് പൊറ്റശ്ശേരി, ജി.യു.പി.എസ് കോങ്ങാട് - DPR തയ്യാറാക്കി വരുന്നു.<br>**വാപ്കോസ്**<br>ജി.എച്ച്.എസ്.എസ് കാരക്കുറിശ്ശി - ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്.<br>**കില**<br>ജി.യു.പി.എസ് കരിമ്പ, ജി.യു.പി.എസ് ഇടത്തറ - DPR കിഫ്ബിയുടെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) ഇക്കാര്യത്തിൽ ഒരു സ്കൂളിന്റെ പോലും നിർമ്മാണ പ്രവർത്തനം നാളിതുവരെ തുടങ്ങിയിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഈ സ്കൂളുകളുടെ നിർമ്മാണപ്രവർത്തനം ആരംഭിയ്ക്കുന്നതിനുള്ള സത്വര നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കുമോ? | (സി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ ബന്ധപ്പെട്ട 'എസ്.പി.വി' കൾ സ്വീകരിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**